# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 321 | 30/11/2015 ൽ മറുപടിക്ക് |
|---|---|

**വിജിലൻസ് അന്വേഷണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എ.ബേബി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) |
| (എ) | വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി, അന്വേഷണ ഉദ്യോഗസ്ഥൻ, അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട മന്ത്രിസഭാ യോഗത്തിൽ നടന്ന ചർച്ചയും നടപടിക്രമങ്ങളും സംബന്ധിച്ച് യോഗത്തിൽ ഹാജരായിരുന്ന മന്ത്രിയോടോ, ചീഫ് സെക്രട്ടറിയോടോ ചോദ്യങ്ങൾ ചോദിക്കുന്നതിനും വസ്തുത മനസ്സിലാക്കുന്നതിനും, എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; എങ്കിൽ ഏത് നിയമവ്യവസ്ഥയാണ് തടസ്സമായി നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | കേരള ഗവൺമെന്റിന്റെ ബിസിനസ് റൂൾസ്(റൂൾ-21) അനുസരിച്ച് കാബിനറ്റിനകത്ത് നടന്ന ചർച്ചകൾ വെളിപ്പെടുത്താൻ ആകില്ല എന്ന് പ്രിവിലേജ് സാക്ഷികൾ അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ എടുത്തിരിക്കുന്നത്. |
| (ബി) | അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ വെളിപ്പെടുത്താൻ മന്ത്രിമാർക്കും, ചീഫ് സെക്രട്ടറിയ്ക്കും നിയമപരമായ ബാദ്ധ്യതയുണ്ടോ; | | |
| (സി) | ബാർ കോഴ കേസിൽ അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതും ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് ഞങ്ങൾക്ക് അറിയാവുന്നതുമായ വിവരങ്ങൾ പറയുവാൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ. ബാബുവും ചീഫ് സെക്രട്ടറിയും വിസമ്മതിച്ചതായി അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (സി) | കേസ് നില നിൽക്കുന്നതിനാൽ ചോദ്യത്തിൽ പറയുന്ന കാര്യങ്ങൾ ഇപ്പോൾ വെളിവാക്കുന്നത് അഭികാമ്യമല്ല. |
| (ഡി) | ഔദ്യോഗിക പദവിയിലിരിക്കുന്നവർ വ്യവസ്ഥാപിതമായ അന്വേഷണവുമായി സഹകരിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ? | (ഡി) | അന്വേഷണവുമായി പൂർണ്ണമായും സഹകരിക്കുക എന്നതാണ് നയം. |

സെക്ഷൻ ഓഫീസർ